**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1646** **08-12-2022 - ൽ മറുപടിയ്ക്ക്**

**കൂടംകുളം പവർഗ്രിഡിന് ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരം നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൂടംകുളം പവർഗ്രിഡിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരം നൽകാൻ കോട്ടയം ജില്ലയിൽ ഉണ്ടായിരുന്ന സെൽ നിർത്തലാക്കിയോയെന്നും പ്രസ്തുത ഓഫീസിൽ കൈകാര്യം ചെയ്തിരുന്ന ഫയലുകളും റിക്കാർഡുകളും നിലവിൽ എവിടെയാണെന്നും അറിയിക്കുമോ; | (എ) | സ്പെഷ്യൽ തഹസിൽദാർ എൽ.എ (പവർഗ്രിഡ്) ഓഫീസിന്റെ പ്രവർത്തനം 2022 ജൂൺ മാസത്തോട് കൂടി അവസാനിപ്പിക്കണമെന്ന് പി.ജി.സി.എൽ സീനിയർ ജനറൽ മാനേജർ അറിയിച്ചതിനെ തുടർന്ന് 15.09.2022 ലെ GO(Rt)No.3808/2022/RD നമ്പർ ഉത്തരവ് പ്രകാരം യൂണിറ്റ് നിർത്തലാക്കിയിട്ടുള്ളതാണ്. പ്രസ്തുത ഓഫീസിൽ കൈകാര്യം ചെയ്തിരുന്ന ഫയലുകളും റിക്കാർഡുകളും മറ്റൊരു യൂണിറ്റിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴൂർ, കങ്ങഴ, വെള്ളാവൂർ വില്ലേജുകളിലായി എത്രപേർക്കാണ് ഇനി പ്രസ്തുത നഷ്ടപരിഹാര തുക കൈമാറാനുള്ളത് എന്ന് അറിയിക്കുമോ; നിരവധി പേർക്ക് ഇനിയും നഷ്ടപരിഹാര തുക കൈമാറാനുള്ള സാഹചര്യത്തിൽ പ്രസ്തുത ഓഫീസ് നിർത്തലാക്കിയത് എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (ബി) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴൂർ വില്ലേജിൽ 57 കക്ഷികൾക്കും, കങ്ങഴ വില്ലേജിലെ 266 കക്ഷികൾക്കും, വെള്ളാവൂർ വില്ലേജിലെ 150 കക്ഷികൾക്കും നഷ്ടപരിഹാരം നൽകുവാൻ ബാക്കിയുള്ളതാണ്.<br><br>കൂടംകുളം പവർഗ്രിഡ് പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസിൽദാർ എൽ.എ (പവർഗ്രിഡ്) യൂണിറ്റിന്റെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് (ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും) വഹിക്കുന്നത് പി.ജി.സി.എൽ ആണ്. 2022 ജൂൺ മാസത്തോട് കൂടി യൂണിറ്റ് അവസാനിപ്പിക്കണമെന്ന് പി.ജി.സി.എൽ സീനിയർ ജനറൽ മാനേജർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർന്നും യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് ജീവനക്കാർക്ക് ശമ്പളം കിട്ടാത്ത അവസ്ഥ സംജാതമാകുമെന്നതിനാലാണ് പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം നിർത്തലാക്കിയത്. |
| (സി) | നഷ്ടപരിഹാരം നൽകുന്നതിനായി പവർ ഗ്രിഡ് അനുവദിച്ച മൂന്ന് കോടിയിലധികം രൂപ, പവർ ഗ്രിഡ് എൽ. എ. തഹസിൽദാർ ഓഫീസ് പ്രവർത്തനം നിർത്തിയത് മൂലം ഉപയോഗിക്കാൻ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | കഴിയാതെ കോട്ടയം ജില്ലാ ട്രഷറിയിൽ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | നഷ്ടപരിഹാരത്തിന് അർഹരായവർക്ക് എത്രയും വേഗം തുക കൈമാറുന്നതിനും അതുവരെ പ്രസ്തുത ഓഫീസ് പുനസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | സ്പെഷ്യൽ തഹസിൽദാർ എൽ.എ (പവർഗ്രിഡ്) യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കണമെന്ന് പി.ജി.സി.എൽ സീനിയർ ജനറൽ മാനേജർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർന്നും യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ സാധ്യമല്ല. എന്നാൽ പ്രസ്തുത ഓഫീസിൽ കൈകാര്യം ചെയ്തിരുന്ന ഫയലുകളും റിക്കാർഡുകളും മറ്റൊരു യൂണിറ്റിലേയ്ക്ക് കൈമാറി നഷ്ടപരിഹാരത്തിന് അർഹരായവർക്ക് എത്രയും വേഗം തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ